ഇന്ത്യയിലും വിദേശത്തും അറിയപ്പെടുന്ന കലാചരിത്രകാരൻ, ഗ്രന്ഥകാരൻ, കലാനിരൂപകൻ, കലാസംഘാടകൻ, ദേശീയ തലത്തിൽത്തന്നെ പരിചയസമ്പന്നനായ ആർട്ട് അഡ്മിനിസ്ട്രേറ്റർ. ഭാരത സർക്കാർ സാംസ്കാരിക വകുപ്പിൻറെ ടാഗോർ നാഷണൽ സ്കോളർ (2020-2022)

**മാതാപിതാക്കൾ** -

പരേതരായ പി കെ രാമചന്ദ്രൻ നമ്പ്യാർ & കെ കെ സുശീല നമ്പ്യാർ
(ബംഗ്ലാവ്, പൂതപ്പാറ, അഴിക്കോട് പോസ്റ്റ്, കണ്ണൂർ - 670009)

**വിദ്യാഭ്യാസം** -

ചിറക്കൽ രാജാസ് യൂ പി & ഹൈസ്കൂൾ.
സർ സയ്ദ് കോളേജ്, തളിപ്പറമ്പ് (ബികോം)
ഭാരതീയ വിദ്യാഭവൻ, കണ്ണൂർ (ജേർണലിസത്തിൽ ഡിപ്ലോമ)

പരേതനായ ശ്രീ ചിറക്കൽ ചന്ദ്രശേഖരൻ ഗുരുക്കളുടെ ശിഷ്യനായി ഏഴുവർഷം കളരിപ്പയറ്റ് അഭ്യസിച്ചിട്ടുണ്ട്; യോഗ പരിശീലനത്തിൽ ഡിപ്ലോമകൾ നേടിയിട്ടുണ്ട്.

**തൊഴിൽ -**

2022 ഡിസംബർ മുതൽ ഭാരത സർക്കാർ സാംസ്കാരിക വകുപ്പിൻറെ കീഴിലുള്ള സൗത്ത് സോൺ കൾച്ചറൽ സെന്റർ (SZCC) ഡയറക്ടർ ആയി ജോലി ചെയ്യുന്നു.
ആസ്ഥാനം - തഞ്ചാവൂർ (തമിഴ് നാട്)

ആറു വർഷം കേന്ദ്ര സംഗീത നാടക അക്കാദമിയുടെ സെൻറ്റർ ഫോർ കൂടിയാട്ടത്തിൻറെ ഡയറക്ടർ. ഇന്ദിരാ ഗാന്ധി നാഷണൽ സെൻറർ ഫോർ ദ ആർട്സിൽ (IGNCA) അക്കൗണ്ട്സ് ഓഫീസർ - ഭാരത സർക്കാർ സാംസ്കാരിക വകുപ്പിൻറെ ടാഗോർ നാഷണൽ സ്കോളർഷിപ്പ് (രണ്ടുവർഷം) സ്വീകരിക്കാനായി രാജിവെച്ചു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഓഫീസർ - കലാസംബന്ധിയായ പഠനത്തിലും എഴുത്തിലും കൂടുതൽ ശ്രദ്ധിക്കാനായി 2010-ൽ രാജിവെച്ചു.

**ഗ്രന്ഥരചന** -

കഥകളിയെക്കുറിച്ച് ഇംഗ്ലീഷിൽ എഴുതിയ (2016) സചിത്ര ഗ്രന്ഥം - Kathakali Dance-Theatre: A Visual Narrative of Sacred Indian Miime (ISBN: 978-93-85285-01-1) - ആമസോൺ വിൽപ്പനയിൽ നൃത്ത വിഭാഗത്തിൽ മൂന്നും, ഡാൻസ് & തീയേറ്റർ വിഭാഗത്തിൽ നാലും സ്ഥാനം നേടിയിരുന്നു. കലാ സംബന്ധിയായ പുസ്തക പ്രസിദ്ധീകരണങ്ങളിൽ ലോകപ്രശസ്തരായ നിയോഗി ബുക്സ് (ഡൽഹി) ആണ് ഇത് പ്രസിദ്ധീകരിച്ചത്. ലണ്ടൻ ബുക്ക്ഫേർ, ഫ്രാങ്ക്ഫർട് ബുക്ക്ഫേർ എന്നിവിടങ്ങളിലൊക്കെ ഒട്ടറെ ശ്രദ്ധ നേടിയ ഈ പുസ്തകം ലോകത്തിലെ ഒട്ടുമിക്ക സർവ്വകലാശാലകളിലെയും ഡാൻസ്, തിയേറ്റർ വകുപ്പുകളിൽ ആധികാരിക റഫറൻസ് ഗ്രന്ഥവുമാണ് ഇന്ത്യയിലെ പല പ്രമുഖ ഇംഗ്ലീഷ് പത്രങ്ങളിലും ഇംഗ്ലണ്ടിലുമൊക്കെ റെവ്യൂ ചെയ്യപ്പെട്ട ഈ പുസ്തകം.

തെയ്യത്തെക്കുറിച്ചു ഇംഗ്ലീഷിൽ എഴുതിയ സചിത്ര ഗ്രന്ഥം (2024) - Theyyam: Indian Folk Ritual Theatre - An Insider's Vision (ISBN:9789389136982) - ഇപ്പോൾ വിൽപ്പനയിൽ. നിയോഗി ബുക്സ് (ഡൽഹി) തന്നെ പ്രസാധകർ.

**സ്കോളർഷിപ്പ് / ഫെല്ലോഷിപ്പ്** -

കേരളത്തിൽ അവശേഷിച്ച ഭാരതീയ സംസ്കൃത നാടക സമ്പ്രദായമായ കൂടിയാട്ടത്തിൻറെ സ്വാതന്ത്രാനന്തര ചരിത്രം, ചില നിക്ഷിപ്ത താൽപ്പര്യങ്ങളാൽ മാറ്റിനിർത്തപ്പെട്ട ചില പ്രമുഖ ആചാര്യരുടെ യഥാർത്ഥ സംഭാവനകൾ എന്നിവയെ മുൻനിർത്തി രാജ്യത്തെ പ്രശസ്തമായ ടാഗോർ നാഷണൽ സ്കോളർഷിപ്പിൽ (2020-22) നടത്തിയ പഠനം ഒരു സമഗ്ര ഇംഗ്ലീഷ് ഗ്രന്ഥമായി എഴുതിവരുന്നു.

കേന്ദ്ര സാംസകാരിക മന്ത്രാലയത്തിൻറെ ജൂനിയർ ഫെല്ലോഷിപ്പും (1992) സീനിയർ ഫെല്ലോഷിപ്പും (2010) നേടിയിരുന്നു - കഥകളിയെക്കുറിച്ചും നങ്ങിയാർകൂത്തിനെ ക്കുറിച്ചുമുള്ള പഠനത്തിന്ന്.

**ലേഖനങ്ങൾ** -

ഹൈസ്കൂൾ വിദ്യാഭ്യാസകാലഘട്ടത്തിൽത്തന്നെ ആനുകാലികങ്ങളിൽ എഴുതാൻ തുടങ്ങി. 1980-കൾ മുതലെ ഇന്ത്യൻ എക്സ്പ്രസ്സ്, മാതൃഭൂമി ആഴ്ചപ്പതിപ്പ് തുടങ്ങിയ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ കലാസംബന്ധിയായ ലേഖനങ്ങൾ എഴുതിത്തുടങ്ങി. മാതൃഭൂമി ആഴ്ചപ്പതിപ്പിലെഴുതിയ ആദ്യ ലേഖനം കവർ സ്റ്റോറിയായി പ്രസിദ്ധീകരിക്കപ്പെട്ടു. ദേശാഭിമാനി വാരികയിലും സമകാലിക മലയാളത്തിലും, കവർ സ്റ്റോറി ഉൾപ്പെടെ, ലേഖനങ്ങൾ എഴുതിയിട്ടുണ്ട്.

1990-കൾക്ക് ശേഷം പ്രധാനമായും ദ ഹിന്ദുവിൻറെ സൺഡേ മാഗസിൻ, ഫ്രൈഡേ റെവ്യൂ, ലിറ്റററി റെവ്യൂ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഇംഗ്ലീഷിലുള്ള കലാമാസികയായ ശ്രുതി (ചെന്നൈ) എന്നിവയിൽ എഴുതി വരുന്നു.

മാതൃഭൂമി പത്രത്തിൻറെ എഡിറ്റോറിയൽ പേജിലും കലാ-സാംസ്കാരിക സംബന്ധിയായ ലേഖനങ്ങൾ എഴുതാറുണ്ട്.

ഇന്ത്യൻ നൃത്തകലകൾക്കുള്ള പ്രശസ്ത അക്കാദമിക് ജേർണൽ (ഇംഗ്ലീഷ്) ആയ, ആഗോള വരിക്കാരുള്ളതുമായ നർത്തനം ത്രൈമാസികത്തിൻറെ (ഹൈദരാബാദ്) അസ്സോസിയേറ്റ് എഡിറ്റർ ആയിരുന്നു. ആറുവർഷം. ട്രസ്റ്റിയും.

സെജ് പബ്ലിക്കേഷൻറെ Pathfinders: A Journey Through India's Art and Culture (edited by Devina Dutt, 2010; ISBN 8132118944) എന്ന പ്രശസ്തമായ ബൃഹത്ഗ്രന്ഥത്തിൽ കേരളീയ കലാ-സാഹിത്യ സംബന്ധിയായ പത്തോളം ലേഖനങ്ങൾ എഴുതി.

ഔട്ട്ലുക്ക് പബ്ലിഷിങ് പുറത്തിറക്കിയ ലോകപ്രശസ്തമായ Outlook Traveller - Kerala (on arts traditions, Ayurveda and Kalarippayattu, edited by Vinod Mehta (2005, 2008 & 2015; ISBN 81-89449-01-X, ISBN 81-89449-15-X & ISBN 978-81-89449-55-1) കേരളത്തിൻറെ കലാപാരമ്പര്യം, ആയുർവേദം, കളരിപ്പയറ്റ് തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ലേഖനങ്ങൾ എഴുതി.

വിദേശകാര്യ മന്ത്രാലയം വിവിധ ലോകഭാഷകളിൽ പ്രസിദ്ധീകരിച്ചു ഇന്ത്യൻഎംബസികൾ വഴിയും മറ്റും ലോകമെമ്പാടും വിതരണം ചെയ്യുന്ന ഇന്ത്യാ പെർസ്പെക്റ്റീവ്സ് (India Perspectives), ഇന്ത്യൻ കൌൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ്ൻറെ (ICCR) ഇന്ത്യൻ ഹൊറൈസൺസ് (Indian Horizons), സംഗീത് നാടക് ജേർണൽ (Sangeet Natak Journal) തുടങ്ങിയ വളരെ പ്രശസ്തമായ പ്രസിദ്ധീകരണങ്ങളിൽ കലാസംബന്ധിയായ സചിത്ര ലേഖനങ്ങളും പഠനങ്ങളും.

കുറേ വർഷങ്ങൾ ദ ഹിന്ദുവിൻറെ ട്യൂസ്ഡേ ബുക്ക് റെവ്യൂ (Tuesday Book Review) പേജിൽ മലയാളകൃതികളെ നിരൂപണം ചെയ്തിരുന്നു.

ദ ഹിന്ദു സൺഡേ മാഗസിനു (2004 ജൂലൈ 3) വേണ്ടി കലാമണ്ഡലം ഗോപി ആശാനുമായി നടത്തിയ അഭിമുഖം കണ്ണൂർ സർവകലാശാലയുടെ ബി.എ. (ഇംഗ്ലീഷ്), രണ്ടാം സെമസ്റ്റർ ടെക്സ്റ്റ് ബുക്കിലെ ഒരു അദ്ധ്യായമായിരുന്നു.

ഇംഗ്ലീഷിലുള്ള ചില ലേഖനങ്ങൾ - https://www.thehindu.com/profile/author/K--K--GOPALAKRISHNAN-/

**മറ്റു വിവരങ്ങൾ** -

ദേശീയ-അന്തർ ദേശീയ സെമിനാറുകളിൽ കേരളീയ കലാസംബന്ധിയായ പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്: പ്രബന്ധങ്ങളും അവതരിപ്പിച്ചിട്ടുണ്ട്.

ഫുൾബ്രൈറ്റ് സ്കോളേഴ്സ് ഉൾപ്പെടെ ധാരാളം വിദേശ പണ്ഡിതരോടൊപ്പവും ഗവേഷണങ്ങളിൽ സഹകരിച്ചു പ്രവർത്തിച്ചിട്ടുണ്ട്.

കേന്ദ്ര സംഗീത നാടക അക്കാദമിയുടെ / കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിൻറെ Intangible Cultural Heritage (ICH) വിദഗ്ധ സമിതി അംഗമായിരുന്നു. 2013-2017.

കൂടിയാട്ടത്തിൻറെ പ്രചാരം, കലാകാരരുടെ അർഹമായ അംഗീകാരം, കേരള കലാമണ്ഡലത്തിൽ നിന്നും മറ്റും പഠിച്ചിറങ്ങിയ ചെറുപ്പക്കാരുടെ രംഗപരിചയം, കലാ അവതരണത്തിലൂടെതന്നെ അവർക്ക് ജീവിതോപാധി നേടാനുള്ള സാഹചര്യം എന്നിവ മുന്നിൽക്കണ്ട് ആദ്യമായി കൂടിയാട്ടത്തിന്ന് സ്ഥിരം വേദികൾ, വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ ഉൾപ്പെടെ മറ്റു

സംസ്ഥാനങ്ങളിലും ശില്പശാലകൾ, തുടങ്ങി കുറേ പദ്ധതികൾ ആസൂത്രണം ചെയ്ത് വിജയകരമായി നടപ്പാക്കി. പലവിധ എതിർപ്പുകളേയും അതിജീവിച്ച് ഓഫീസ് ചിലവും മറ്റും ഗണ്യമായി കുറച്ച് ബജറ്റിൻറെ 75-80 ശതമാനത്തോളം പ്രതിഫലമായിത്തന്നെ കലാകാരർക്ക് ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്ന രീതിയാക്കി മാറ്റി; നേരത്തെ ബജറ്റിൻറെ 50-70 ശതമാനമൊക്കെ ആയിരുന്നു മറ്റു ചിലവുകൾ.

യുനെസ്കോ മാനവരാശിയുടെ അനശ്വരമായ പൈതൃകമായി അംഗീകരിച്ച ഭാരതീയ കലകളെകുറിച്ചുള്ള റിപ്പോർട്ടുകളും വേണ്ടുന്ന ഭാവി നടപടികളും തയ്യാറാക്കുന്ന വിദഗ്ധ കമ്മിറ്റിയിൽ അംഗം- 2011-2017.

കേന്ദ്ര സംഗീത നാടക അക്കാദമിയിലെ ഉദ്യോഗസ്ഥരുടെ ജോലി സംബന്ധിയായ പരാതികൾ പരിശോധിച്ച് പരിഹാരം കണ്ടെത്തുന്ന ഉന്നത സമിതിയിലെ അംഗം- 2012.

സൗത്ത് സോൺ കൾച്ചറൽ സെൻറർ (SZCC), തഞ്ചാവൂർ ഗവേർണിംഗ് കൌൺസിൽ മെമ്പർ - 2011-2016.

കേരള സംസ്ഥാന സംഗീത നാടക അക്കാദമിയുടെയും, ഫോക് ലോർ അക്കാദമിയുടെയും ജനറൽ കൌൺസിൽ അംഗം - 2011-2016

കേന്ദ്ര സാംസ്കാരിക മന്ത്രാലയം ജപ്പാനിലെ വിവിധ സ്ഥലങ്ങളിലായി സംഘടിപ്പിച്ച ഫെസ്റ്റിവൽ ഓഫ് ഇന്ത്യയിൽ കൂടിയാട്ട സംഘത്തെ വിജയപ്രദമായി നയിച്ചു - 2014.

എഡിൻബ്രയിലെ നാഷണൽമ്യൂസിയം ഓഫ് സ്കോട് ലാൻഡിലും (National Museum of Scotland, Edinburgh) മറ്റും തെയ്യത്തെക്കുറിച്ച് പ്രഭാഷണം നടത്തിയിട്ടുണ്ട്.

ലണ്ടനിലെ Rose Bruford College (Kent) തിയേറ്റർ വിഭാഗം ആർക്കൈവ്ൻറെ കൺസൽട്ടൻറ് അഡൈ്വസർ - 2000-2010.

അമേരിക്കൻ ഉപഭൂഖണ്ഡത്തിലെ ഏറ്റവും വലിയ ഡാൻസ് തിയേറ്റർ ഫെസ്റ്റിവലായ Festival Trans Ameriques held at Montreal (FTA)-ൻറെ ക്ഷണിക്കപ്പെട്ട അഥിതി - 2010, (ഈ ഫെസ്റിവലിനെക്കുറിച്ച് ദ ഹിന്ദു സൺഡേ മാഗസിസിനിൽ വിശദമായി എഴുതിയിരുന്നു. Avant-garde expressions, ജൂലൈ 18, 2010).

കാനഡയിലെ പ്രശസ്തമായ ഡാൻസ് കലാശാസിൻറെ (Danse-Kalashas, Montreal) കൺസൽട്ടൻറ് അഡൈ്വസർ - 1992-2020

ന്യൂയോർക്കിലെ ബ്രൂക്ലിൻ അക്കാദമി ഓഫ് മ്യൂസിക് (BAM, New York)കലാ അവതരണത്തിൻറെ ഇന്ത്യൻ ആർട്ട് കൺസൽട്ടൻറ് - 1998

**കുടുംബം** -

ഭാര്യ - പല്ലവി കൃഷ്ണൻ.

ശാന്തിനികേതനിലും കേരള കലാമണ്ഡലത്തിലും അഭ്യസനം നടത്തിയ ഏക ഇന്ത്യൻ നർത്തകി. കേരള കലാമണ്ഡലത്തിലെ ആദ്യത്തെ ബംഗാളി വിദ്യാർത്ഥിനി. മോഹിനിയാട്ടത്തിന്നുള്ള കേരള സംഗീത നാടക അക്കാദമി, കേരള കലാമണ്ഡലം അവാർഡുകൾ നേടിയ മലയാളിയല്ലാത്ത ആദ്യ നർത്തകി. മോഹിനിയാട്ടത്തിന്നുള്ള കേന്ദ്ര സംഗീത നാടക അക്കാദമി അവാർഡ് നേടിയ ആദ്യ ബംഗാളി/കിഴെക്കെ ഇന്ത്യക്കാരി.

മകൾ - പ്രിയംവദ കൃഷ്ണൻ, നർത്തകിയും നടിയും.

അരങ്ങേറ്റ സിനിമയായ തൊട്ടപ്പനിലെ നായികാവേഷത്തിന്നു സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ പ്രത്യേക ജൂറി പരാമർശം നേടി. അഭിനയ രംഗത്തും മോഡലിങ്ങിലും സജീവം.

x